**FY 536**

ചുവട്

MODEL EXAMINATION, MARCH 2025

# POLITICAL SCIENCE

Time: 2 ½ Hrs
Score: 80 Scores

**From questions 1 to 10 answer for 16 scores.**
1 മുതൽ 10വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരം എഴുതുക

1. Earlier Right to property was a Fundamental Right. Now it is merely a legal right. Mention the current article dealing with Right to Property?
മുൻപ് സ്വത്തവകാശം ഒരു മൗലികാവകാശമായിരുന്നു എന്നാൽ ഇപ്പോൾ സ്വത്തവകാശം ഒരു സാധാരണ നിയമമാണ് ഈ അവകാശത്തെ ഭരണഘടനയുടെ എത്രാമത്തെ ആർട്ടിക്കിളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് ?

**Ans:** Article 300A

**Score 1**

2. Some borrowed Indian Constitutional provisions are given below. Identify and list then in the appropriate column.
( Judicial Review, Quazi Federal form, First Past the Post, Rule of Law, Fundamental Rights, Law making procedure, Residual Powers, Independence of Judiciary)
ഇന്ത്യൻ ഭരണഘടനയിലെ കടമെടുത്ത ചില വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു അവ തിരിച്ചറിഞ്ഞ് ഉചിതമായി പട്ടികപ്പെടുത്തുക

(നീതിന്യായ പുനരാവലോകനം, അർദ്ധ ഫെഡറൽ സംവിധാനം, കേവല ഭൂരിപക്ഷ സമ്പ്രദായം, നിയമവാഴ്ച, മൗലികാവകാശങ്ങൾ, നിയമനിർമ്മാണ നടപടിക്രമങ്ങൾ, അവശിഷ്ടാധികാരങ്ങൾ, സ്വതന്ത്ര നീതിന്യായ വ്യവസ്ഥ)

| British Constitution<br>ബ്രിട്ടീഷ് ഭരണഘടന | US Constitution<br>അമേരിക്കൻ ഭരണഘടന | Canadian Constitution<br>കനേഡിയൻ ഭരണഘടന |
|---|---|---|
| First Past the Post.<br>കേവല ഭൂരിപക്ഷ സമ്പ്രദായം<br>Rule of Law<br>നിയമവാഴ്ച<br>Law making procedure<br>നിയമനിർമ്മാണ നടപടിക്രമങ്ങൾ | Judicial Review<br>നീതിന്യായ പുനരാവലോകനം<br>Fundamental Rights<br>മൗലികാവകാശങ്ങൾ<br>Independence of Judiciary<br>സ്വതന്ത്ര നീതിന്യായ വ്യവസ്ഥ | Quazi Federal form<br>അർദ്ധ ഫെഡറൽ സംവിധാനം<br>Residual Powers<br>അവശിഷ്ടാധികാരങ്ങൾ |

**Score 4**

3. In India proportional representation system is adopted for election to.....

a) Lok Sabha
b) State Legislative Assembly
c) Rajya Sabha
d) Prime Minister

ഇന്ത്യയിൽ ...................... തെരഞ്ഞെടുപ്പിന് ആനുപാതിക പ്രാതിനിധ്യ നിയമമാണ് സ്വീകരിച്ചിരിക്കുന്നത്?

a) ലോകസഭ
b) സംസ്ഥാന ലെജിസ്ലേറ്റീവ് അസംബ്ലി
c) രാജ്യസഭ
d) പ്രധാനമന്ത്രി

**Score 1**

**Ans:** Rajya Sabha / രാജ്യസഭ

4. Jurisdiction of the Supreme Court of India
ഇന്ത്യയിലെ സുപ്രീംകോടതിയുടെ അധികാരങ്ങൾ

**Score 2**

| Original Jurisdition<br>തനതധികാരം | Appellate Jurisdiction<br>അപ്പീൽ അധികാരം | Court of Record<br>കോർട്ട് ഓഫ് റെക്കോർഡ്<br>Writ Jurisdiction<br>റിട്ടധികാരം |
|---|---|---|

5. Identify the case in which the Judiciary advanced the theory of basic structure of the Constitution?
ഭരണഘടനയുടെ അടിസ്ഥാനഘടന എന്ന സിദ്ധാന്തം ജുഡീഷ്യറി മുന്നോട്ട് വെച്ച കേസ് ഏതെന്ന് കണ്ടെത്തുക?

**Ans:** Kesavantha Bharati Case

**Score 1**

6. Classify and arrange the following in appropriate columns.
താഴെപ്പറയുന്നവയെ വർഗ്ഗീകരിച്ച് ഉചിതമായ കോളങ്ങളിൽ എഴുതുക

| | |
|---|---|
| a) Animal Husbandry | a) മൃഗസംരക്ഷണം |
| b) Ports | b) തുറമുഖം |
| c) Defence | c) പ്രതിരോധം |
| d) Trade Union | d) തൊഴിൽ സംഘടനകൾ |
| e) Public Health | e) പൊതുജനാരോഗ്യം |
| f) Education | f) വിദ്യാഭ്യാസം |

**Score 3**

| Union List<br>യൂണിയൻ ലിസ്റ്റ് | Sate List<br>സ്റ്റേറ്റ് ലിസ്റ്റ് | Concurrent List<br>കൺകറന്റ് ലിസ്റ്റ് |
|---|---|---|
| Ports<br>തുറമുഖം | Animal Husbandry<br>മൃഗസംരക്ഷണം | Trade Union<br>തൊഴിൽ സംഘടനകൾ |
| Defence<br>പ്രതിരോധം | Public Health<br>പൊതുജനാരോഗ്യം | Education<br>വിദ്യാഭ്യാസം |

7. Who is considered as the father of Local government in India?
ഇന്ത്യയിലെ തദ്ദേശ ഗവൺമെന്റുകളുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്

**Score 1**

**Ans:** Lord Ripon / റിപ്പൺ പ്രഭു

8. Name of some books are given below in the brackets. Arrange them properly in the table.
(Ramayana Retold, Satanic Verses, Long walk to freedom, On Liberty)
ചില പുസ്തകങ്ങളുടെ പേര് ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു അവയെ പട്ടികയിൽ ശരിയായി ക്രമപ്പെടുത്തുക
(രാമായണ റെത്തോൾഡ്, സാത്താനിക് വേഴ്സസ്, സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘ യാത്ര, സ്വാതന്ത്ര്യത്തിലേക്ക്)

**Score 4**

| | |
|---|---|
| J S Mill<br>ജെ എസ് മിൽ | On Liberty<br>സ്വാതന്ത്ര്യത്തിലേക്ക് |
| Nelson Mandela<br>നെൽസൺ മണ്ടേല | Long walk to freedom<br>സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘ യാത്ര |
| Aubrey Menon<br>ഒബ്രി മേനോൻ | Ramayana Retold<br>രാമായണ റെത്തോൾഡ് |
| Salman Rushdie<br>സൽമാൻ റുഷ്ദി | Satanic Verses<br>സാത്താനിക് വേഴ്സസ് |

9. Name the 19th Century German philosopher who believed that only conflict could facilitate the growth of civilization.
സംഘർഷത്തിലൂടെ മാത്രമേ നാഗരികത പരിപോഷിക്കപ്പെടുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ട 19 നൂറ്റാണ്ടിലെ ജർമൻ തത്വചിന്തകന്റെ പേര് എഴുതുക?

**Score 1**

**Ans:** Friedrich Nietzsche / ഫ്രെഡറിക് നീഷേ

10. Classify and arrange the following in appropriate columns.
താഴെപ്പറയുന്നവയെ വർഗ്ഗീകരിച്ച് ഉചിതമായ കോളങ്ങളിൽ എഴുതുക

a) Right to wages — a) വേതനത്തിനുള്ള അവകാശം
b) Right to Vote — b) വോട്ടവകാശം
c) Right to work — c) തൊഴിൽ എടുക്കുവാനുള്ള അവകാശം
d) Right to form political Parties — d) രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനുള്ള അവകാശം

**Ans:**

| Political Rights<br>രാഷ്ട്രീയ അവകാശങ്ങൾ | Economic Rights<br>സാമ്പത്തിക അവകാശങ്ങൾ |
|---|---|
| Right to Vote<br>വോട്ടവകാശം | Right to wages<br>വേതനത്തിനുള്ള അവകാശം |
| Right to form political Parties<br>രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനുള്ള അവകാശം | Right to work<br>തൊഴിൽ എടുക്കുവാനുള്ള അവകാശം |

**Score 2**

**Answer any 4 questions from 11 to 15. Each carries 3 scores.**
11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ വീതം.

11. Briefly explain any 3 functions of the Constitution?
ഭരണഘടനയുടെ ഏതെങ്കിലും മൂന്ന് ധർമ്മങ്ങൾ ചുരുക്കി വിവരിക്കുക

## FUNCTIONS OF THE CONSTITUTION

★ **Constitution allows coordination and assurances.**

The first function of the constitution is to provide a set of basic rules that permit minimal co-ordination among the members of a society.

★ **Specification of decision making powers.**

The second function of a constitution is to specify which institution has the power to frame and take decision.

★ **Limitation on the powers of the government.**

The third function of the constitution is to limit the powers of the government. These limits are fundamental in the sense that the government may never trespass them.

★ **Aspirations and goal of the society.**

The fourth function of a constitution is to enable the government to fulfil the aspirations of the society. It should try to create a just society.

★ **Fundamental identity of the people.**

An important function of the constitution is to give a fundamental identity to the people

## ഭരണഘടനയുടെ ചുമതലകൾ

★ ഏകോപനവും ഉറപ്പും നൽകുന്നു.

ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ചുരുങ്ങിയ തോതിലെങ്കിലും ഏകോപനമുണ്ടാക്കുന്ന അടിസ്ഥാനപരമായ നിയമാവലി പ്രദാനം ചെയ്യുകയാണ് ഏത് ഭരണഘടനയുടെയും ഒന്നാമത്തെ ധർമ്മം.

★ തീരുമാനമെടുക്കാനുള്ള അധികാരം നിർണ്ണയിക്കുന്നു.

ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ചുരുങ്ങിയ തോതിലെങ്കിലും ഏകോപനമുണ്ടാക്കുന്ന അടിസ്ഥാനപരമായ നിയമാവലി പ്രദാനം ചെയ്യുകയാണ് ഏത് ഭരണഘടനയുടെയും ഒന്നാമത്തെ ധർമ്മം.

★ ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിശ്ചയിക്കുന്നു.

ഗവൺമെന്റിന് അതിന്റെ പൗരന്മാരുടെ മേലുള്ള അധികാരങ്ങൾക്ക് പരിധി നിർണ്ണയിക്കുക എന്നതാണ് ഭരണഘടനയുടെ മൂന്നാമത്തെ ധർമ്മം. ഈ പരിധികൾ ഗവൺമെന്റിന് ഒരിക്കലും ലംഘിക്കാനാവാത്ത വിധത്തിൽ അടിസ്ഥാനപരമാണ്.

★ ഒരു സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും ഉയർത്തിപിടിക്കുന്നു.

ഒരു സമൂഹത്തിലെ ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടി ഗവൺമെന്റിന് പ്രാപ്തമാക്കുകയും ഒരു നീതിയുക്ത സമൂഹം രൂപീകരിക്കുന്നതിനുള്ള സാഹചര്യങ്ങൾ ചെയ്യുക എന്നതാണ് ഭരണഘടനയുടെ നാലാമത്തെ ധർമ്മം.

★ ഒരു ജനതക്ക് മൗലിക വ്യക്തിത്വം നൽകുന്നു.

ഭരണഘടന ഒരു ജനതയ്ക്ക് അടിസ്ഥാനപരമായ വ്യക്തിത്വം നൽകുന്നു. ജനങ്ങൾ ഒരു കൂട്ടായ അസ്തിത്വമായി നിലവിൽ വരുന്നത് ഭരണഘടനയിലൂടെയാണ്.

12. Identify three provisions to amend the Constitution of India?

**ഇന്ത്യൻ ഭരണഘടന ഭേദഗതിക്കുള്ള 3 നടപടിക്രമങ്ങൾ തിരിച്ചറിയുക**

## CONSTITUTIIONAL AMAENDMENT

- By Simple majority
- By Special majority.
- By Special majority + Ratification of half of the States.

## ഭരണഘടന ഭേദഗതി ചെയ്യുന്നത്

- കേവല ഭൂരിപക്ഷം.
- പ്രത്യേക ഭൂരിപക്ഷം.
- പ്രത്യേക ഭൂരിപക്ഷവും പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും.

13. Explain negative and positive liberty?
**നിഷേധാത്മക സ്വാതന്ത്ര്യവും ക്രിയാത്മക സ്വാതന്ത്ര്യവും വിശദീകരിക്കുക**

**NEGATIVE LIBERTY**

No external Restrictions. Freedom from interference. Freedom to do what he likes. It is not to be interfered with. It is absolute freedom. Negative liberty means the absence of coercion by individuals or institutions over interference into the private sphere of an individual.

**POSITIVE LIBERTY**

Liberty with positive restrictions. There exist limited constraints to the development of the individual personality. Freedom is not a license. Positive liberty looks at the conditions and nature of relationship between individual and society

**നിഷേധാത്മക സ്വാതന്ത്ര്യം**
Negative Liberty

യാതൊരു നിയന്ത്രണവും ഇല്ലാത്ത സ്വാതന്ത്ര്യം. വ്യക്തിക്ക് ഇഷ്ടമുള്ളത് എന്തും ചെയ്യാനുള്ള സാഹചര്യ മാണത്. നിയന്ത്രങ്ങളില്ലാത്ത പരിപൂർണ്ണ സ്വാതന്ത്രമാണത്. യാതൊരു തരത്തിലുള്ള ഇടപെടലുകളും അനുവദനീയമല്ല. യാതൊരു നിയന്ത്രണവും ഇല്ലാത്ത സാഹചര്യത്തിൽ ആരുടേയും സ്വാതന്ത്യം സംരക്ഷിക്കാൻ സാധിക്കില്ല എന്നതാണ് വസ്തുത.

**ക്രിയാത്മക സ്വാതന്ത്ര്യം**
Positive Liberty

ഒരു വ്യക്തിക്ക് അവന്റെ വ്യക്തിത്വം വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം ഉണ്ടായിരിക്കുക എന്നതാണ് ക്രിയാതക സ്വാതന്ത്രം നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രം സ്വാതന്ത്ര്യം അനുവദിക്കുന്നു. സമൂഹത്തിലെ എല്ലാവരുടെയും സ്വാതന്ത്ര്യത്തെ സംരക്ഷിക്കാൻ ചെറിയ തോതിലുള്ള നിയന്ത്രങ്ങൾ ഉണ്ടാവും. ഇന്നത്തെ എല്ലാ ജനാധിപത്യ രാഷ്ട്രങ്ങളും ക്രിയാത്മക സ്വാതന്ത്യമാണ് പ്രദാനം ചെയ്യുന്നത്.

14. Illustrate social cost of development?
**വികസനത്തിന്റെ സാമൂഹിക ചെലവുകൾ സമർത്ഥിക്കുക?**

## SOCIAL COST OF DEVELOPMENT

- Displacement of People : Displacement resulted in the loss of lively hood
- Loss of lively hood
- Growth of Slums
- Loss of Traditional Skills : Traditional skills acquired over a long period of time are also lost
- Adverse impact on Culture : Loss of culture due to loss of community life
- People have been displaced from their homes and localities due to urbanization and Industrialization

## വികസനത്തിന്‌റെ സാമൂഹ്യ ചെലവ്

വികസനം വരുമ്പോൾ അത് സമൂഹത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ് വികസനത്തിന്‌റെ സാമൂഹ്യ ചെലവ്.

- കുടിയൊഴിപ്പിക്കൽ
- ഉപജീവന മാർഗ്ഗം നഷ്ടപ്പെടൽ - ദാരിദ്രം സൃഷ്ട്രിക്കും
- ചേരികളുടെ ഉത്ഭവം
- പരമ്പരാഗത തൊഴിൽ ഇല്ലാതാവൽ - ഗ്രാമീണ സമ്പദ് വ്യവസ്ഥ തകരും
- സംസ്ക്കാരങ്ങളുടെ തകർച്ച - സംഘർഷങ്ങൾ രൂപപ്പെടും

15. Briefly explain the relationship between rights and duties.
**അവകാശങ്ങളും ചുമതലകളും തമ്മിലുള്ള ബന്ധം ചുരുക്കി വിശദമാക്കുക.**

### RIGHTS AND DUTIES

NO rights without Duties. Rights and duties are linked and cannot be separated. Both work well together. If one has the right, the other has the duty related to that right. Rights compel us to think not just of our own personal needs and interests but to defend some things as being good for all of us (Eg: Ozone layer protection, Planting new trees etc) Duty to respect the rights of others. We must balance our right with the rights of others. Citizen must be vigilant about limitations which may be placed on their rights.

### അവകാശങ്ങളും ചുമതലകളും

അവകാശങ്ങളും ചുമതലകളും ഒരേ നാണയത്തിന്‌റെ രണ്ടു വശങ്ങളാണ്. അവകാശങ്ങളും ചുമതലകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ചുമതലകളില്ലാതെ അവകാശങ്ങളില്ല. അവകാശങ്ങൾ ഭരണ കൂടത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനൊപ്പം വ്യക്തികൾക്ക് ചുമതലയും നൽകുന്നു. സ്വന്തം ആവശ്യങ്ങളേയും താല്പര്യങ്ങളേയും പറ്റി മാത്രം ചിന്തിക്കാതെ എല്ലാവരുടെയും നന്മയ്ക്ക് വേണ്ടി നിലകൊള്ളാൻ അവകാശങ്ങൾ നമ്മെ ഉത്ബോധിപ്പിക്കുന്നു. സ്വന്തം അവകാശത്തെ കുറിച്ച് പറയുമ്പോൾ അതേ അവകാശം മറ്റുള്ളവർക്ക് നൽകാൻ വ്യക്തികൾ ബാധ്യസ്ഥരാണ്

**Answer any 4 questions from 16 to 20. Each carries 4 scores.**

16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം

16. What are the safeguards in the Indian Constitution to ensure the independence of Judiciary ?

**സ്വാതന്ത്ര്യ നീതിന്യായ സമ്പ്രദായം ഉറപ്പുവരുത്തുവാൻ വേണ്ടി ഇന്ത്യൻ ഭരണഘടന സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ ഏതെല്ലാം?**

## Measures for ensuring independence of the Judiciary

### Mode of Appointment

- The most acceptable method for the appointment of judges is the appointment by the Head of the Executive. In India Judges of Supreme Court and High Courts are appointed by the President.

### Long Term

- Long term of Judges is necessary to maintain independence of the Judiciary. Retirement age of the judges of Supreme Court is 65 years and High Courts are 62 years.

### Handsome Salary

Handsome salaries must be paid to judges to ensure their independence. Salaries and allowance should not be reduced during their term of office. Salaries are charged on the Consolidated Fund of India.

### No criticism allowed against the Judges

- Proceedings for Contempt of court will initiate.

### Security of Office

To ensure impartiality of judges, their office must be secure and difficult process of removal is accepted. In India Impeachment is the only procedure for removal of judges on grounds of misbehavior and incapacity.

### Restriction of practice after retirement

In order to maintain independence of the judiciary, it is desirable that the judges should not practice after retirement. In India Supreme Court and High Courts are not allowed to practice after retirement.

### Separation of judiciary from executive

To ensure impartiality judicial and executive functions should be separated.

## ജുഡിഷ്യറിയുടെ നിക്ഷ്പക്ഷത ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച മുൻകരുതലുകൾ

നിയമന രീതി

സുപ്രീംകോടതി ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ന്യായാധിപന്മാരുടെ നിയമനത്തിൽ നിയമനിർമ്മാണ വിഭാഗത്തിന് യാതൊരു പങ്കുമില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായിട്ടാണ് ജഡ്ജിമാരെ നിയമിക്കപ്പെടുന്നത്.

നിശ്ചിത കാലാവധി

ന്യായാധിപന്മാർക്ക് ഒരു നിശ്ചിത സേവന കാലപരിധി ഉണ്ടായിരിക്കും. ചില പ്രത്യേക സാഹചര്യങ്ങളിൽ അല്ലാതെ ഏതൊരു ന്യായാധിപനെയും തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യാൻ പാടുള്ളതല്ല.

സാമ്പത്തിക സുരക്ഷിതത്വം

സാമ്പത്തികമായി കാര്യനിർവഹണ വിഭാഗത്തെയോ നിയമനിർമ്മാണ വിഭാഗത്തെയോ ആശ്രയിക്കുന്നില്ല. ജഡ്ജിമാരുടെ ആകർഷകമായ ശമ്പളവും മറ്റാനുകൂല്യങ്ങളും ഭരണഘടന ഉറപ്പുനൽകുന്നു.

വ്യക്തിപരമായ വിമർശനങ്ങൾ പാടില്ല

ജഡ്ജിമാരുടെ നടപടികളും തീരുമാനങ്ങളും വ്യക്തിപരമായ വിമർശനങ്ങളിൽ നിന്നും വിമുക്തമാക്കപ്പെട്ടിരിക്കുന്നു. കോടതി അലക്ഷ്യത്തിന് നടപടിയെടുക്കാൻ കോടതികൾക്ക് സാധിക്കും. ജഡ്ജിമാർക്കെതിരായ അനാവശ്യ വിമർശനങ്ങളിൽ നിന്ന് ഇത് പരിരക്ഷ നൽകുന്നു.

പദവിയുടെ സുരക്ഷിതത്വം

ഏതെങ്കിലും ജഡ്ജിയെ നീക്കം ചെയ്യണമെങ്കിൽ അതിന് ഭരണഘടന അനുശാസിക്കുന്ന കർക്കശമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ജോലിയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഇത്.

വിരമിക്കൽ ശേഷം പ്രാക്ടീസ് അനുവദിക്കില്ല

വിരമിച്ചതിന് ശേഷം ജഡ്ജിമാർക്ക് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യാൻ അനുവാദമില്ല

17. Explain the changes brought by the 73rd Constitutional Amendment?

73 )0 ഭരണഘടന ഭേദഗതിയുടെ ഫലമായി ഉണ്ടായ മാറ്റങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുക?

## Essential features of the 73rd Constitutional Amendment Act, 1992

### 1. Gram Sabha

Gram Sabha is defined under Article 243(b) which states that a gram sabha is a body that consists of persons registered on the electoral rolls relating to the village that falls under the area of Panchayat at a village level. It is the foundation of the Panchayati Raj Institution. Article 243A of the Indian Constitution empowers the Gram Sabha to perform the functions at its village level

### 2. State Election Commission

State Election Commission is constituted in every state for the superintendence, maintenance, control, and preparation of electoral rolls. The Commission also handles the elections of panchayats.

### 3. Three - tier system

Article 243B of the Indian Constitution provides for a three-tier system in the Panchayati Raj Institution where panchayats shall be constituted at the village, intermediate, and district levels in every state.

## 4. Composition of the panchayats

According to Article 243C, the composition of the panchayats shall be as decided by the State legislature. The number of seats at any level of a panchayat shall be according to the population of that territory.

## 5. Manner of election

The election of members of panchayats of village, intermediate, and district levels shall be done through direct election by the people. The elections of chairman of the intermediate and district level panchayat will be elected indirectly by the elected members of the panchayats.

## 6. Reservation of seats

Article 243D provides for the provision of reservation of seats which specifies the reservation of seats for SCs and STs according to the proportion of their population. The Article also provides for one-third of the total seats to be reserved for women (Half seats in Kerala).

## 7. Duration of Panchayats

Article 243E specifies the duration of panchayats to be for a term of 5 years.

## 8. Duties and power of the panchayats

It is the duty of the panchayats to prepare a plan for economic development and social justice for the people. The Constitution provides authority to the state government to give power and authority to the panchayats on all the 29 subjects prescribed under the Eleventh schedule for local planning and implementing schemes, Panchayats implement the schemes made by the central and state governments for the betterment of people at the ground level..

## 9. Finance Commission

Under Article 243I, the Finance Commission is constituted by the Governor of the State to review the financial position of the Panchayats, to recommend the principles for the distribution of taxes between the state and panchayats.

## 11. Finance

The State Legislature by law may authorise the panchayats to levy and collect tax, duties, tolls, or fees. The panchayats may be assigned with the tax, duties, fees, or tolls that are collected by the state government to carry out specific work. The panchayats are provided with a grant-in-aid from the Consolidated Fund of the State..

### THREE TIER PANCHAYAT SYSTEM



**73**
**Amendment**

### ഭേദഗതിയുടെ പ്രധാന സവിശേഷതകൾ

- ഗ്രാമസഭ രൂപീകരിക്കാൻ ഭേദഗതി വ്യവസ്ഥ ചെയ്തു
- ഗ്രാമ പഞ്ചായത്തുകളുടെ അടിസ്ഥാനം ഗ്രാമ സഭയായിരിക്കും
- ഒരു വാർഡിലെ വോട്ടർമാർ ഉൾകൊള്ളുന്നതാണ് ഗ്രാമസഭ
- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് രൂപം നൽകി
- ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ ഉൾക്കൊള്ളുന്ന ത്രിതല പഞ്ചായത്ത് സംവിധാനം ആയിരിക്കും നിലവിൽ വരിക.
- തദ്ദേശസ്ഥാപനങ്ങളുടെ രൂപീകരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സംസ്ഥാന സർക്കാരുകളുടെ അധികാരത്തിൽ പെട്ടതായിരിക്കും.
- മൂന്നു തലത്തിലേക്ക് ഉള്ള തെരഞ്ഞെടുപ്പ് - പ്രായപൂർത്തി സാർവത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും 18 വയസ്സ് പൂർത്തിയായ ഏതൊരു പൗരനും വോട്ടവകാശം ഉണ്ടായിരിക്കും.
- ഓരോ പഞ്ചായത്ത് സ്ഥാപനങ്ങളുടെയും കാലാവധി അഞ്ചുകൊല്ലം ആയിരിക്കും
- പഞ്ചായത്തുകളിലേക്ക് ഉള്ള തെരഞ്ഞെടുപ്പിൽ വനിതകൾ, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് നിയമാനുസൃത സംവരണം ഏർപ്പെടുത്തും.
- പഞ്ചായത്തുകളുടെ അധികാരം - പഞ്ചായത്തുകളുടെ അധികാരം, ചുമതല എന്നവ ഭരണഘടനാ പ്രകാരം തീരുമാനിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ് ഉള്ളത്
- ഓഡിറ്റിംഗ് - പഞ്ചായത്തുകളുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട ഓഡിറ്റിംഗ് നടത്താൻ നിയമപ്രകാരം സംസ്ഥാനങ്ങൾക്ക് അധികാരം ഉണ്ടായിരിക്കും.
- ധനസ്രോതസ്സ് - പഞ്ചായത്തുകൾക്ക് തനത് വരുമാനം കണ്ടെത്താൻ അധികാരം ഉണ്ടായിരിക്കും. അതോടൊപ്പം സംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന ഗ്രാന്റും തദ്ദേശസ്ഥാപനങ്ങളുടെ വരുമാനമാണ്.
- സംസ്ഥാന ധനകാര്യ കമ്മീഷൻ - തദ്ദേശസ്ഥാപനങ്ങളുടെ ധനസ്ഥിതി പരിശോധിക്കുന്നതിനായി സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കുന്നതാണ്

ത്രിതല പഞ്ചായത്ത് ഘടന




18. Briefly explain any two political philosophies of Indian Constitution?
ഇന്ത്യൻ ഭരണഘടനയിലെ ഏതെങ്കിലും രണ്ട് രാഷ്ട്രീയ തത്വശാസ്ത്രങ്ങൾ ചുരുക്കി വിവരിക്കുക

## PHILOSOPHY OF THE CONSTITUTION

**Ingredients of the preamble**

- The authority is derived from the people of India.
- India is a Sovereign Socialist Secular Democratic Republic.
- Objectives of the constitution are Justice Liberty Equality and Fraternity.

### Individual Freedom

Indian constitution strongly uphold the Individual Freedom. The constitution guaranteeing individual rights as sacrosanct. The constitution provides individual freedom as a non- negotiable value.

### Social Justice

Indian Constitution has the provisions for ensuring social justice and community values. It provides for reservation for SC/ST. Abolished Untouchability. Art. 14,15 18 & 38 express this aim in particular.

### Secularism

The Constitution is neutral in any matters related to religion. Constitution upholds the religious freedom and tolerance. Secularism added in the preamble by 42nd amendment. The Constitution does not given any recognition to any religion.

### Universal Adult Franchise

The Constitution strongly believes that the authority is derived from the people of India. It indicates the source of the power of the Government. Democracy is the basic feature of the constitution and free and fair elections are also impliedly a basic feature.

### Federalism

Our Constitution is federal in nature. Our federation is Unitarian Character. We acknowledged the geographical diversities and allow special status to some regions. Eg: Nagaland

### National Identity

India retains her regional identity as well as national identity. This does not cause any conflict with distinct identity. All deferent identities are balanced.

### Diversity and Minority Rights

Article 29 of the Constitution states the protection of interests for minorities. It is states that any group living within the jurisdiction of India is entitled to preserve and promote its own language, script or literature and culture.

## ഇന്ത്യൻ ഭരണഘടനയുടെ തത്വശാസ്ത്രം

### ആമുഖത്തിലെ പ്രധാന ആശയങ്ങൾ

- അധികാരം ജനങ്ങളിൽ നിന്നും ഉത്ഭവിക്കും.
- ഇന്ത്യ ഒരു പരമാധികാര മതേതര സോഷ്യലിസ്റ്റ് ജനാധിപത്യ റിപ്പബ്ലിക് ആയിരിക്കും.
- സ്വാതന്ത്ര്യം സമത്വം നീതി സാഹോദര്യം എന്നിവയാണ് ഭരഘടനയുടെ ലക്ഷ്യം .

### വ്യക്തി സ്വാതന്ത്ര്യം

വ്യക്തി സ്വാതന്ത്ര്യം സാമൂഹ്യ നീതി മതേതരത്വം പ്രായപൂർത്തി വോട്ടവകാശം ഫെഡറലിസം ദേശീയ വ്യക്തിത്വം വ്യക്തിസ്വാതന്ത്ര്യത്തോട് നമ്മുടെ ഭരണഘടയ്ക്ക് അതീവ പ്രതിബദ്ധതയുണ്ട് ഭരണഘടനയിലുടനീളം അതു കാണാം

### സാമൂഹ്യ നീതി

ഇന്ത്യൻ ഭരണ ഘടന സാമൂഹ്യ നീതി ഉറപ്പു വരുത്താൻ പ്രതിജ്ഞാബദ്ധമാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ഭരണ ഘടന സംവരണത്തിലൂടെ മതിയായ സുരക്ഷ ഉറപ്പു വരുത്തുന്നു. അയിത്തം നിരോധിച്ചു. Art. 14, 15, 18 & 38 പ്രകാരം സാമൂഹ്യ നീതി ഉറപ്പു വരുത്താൻ

### മതേതരത്വം

ഇന്ത്യൻ ഭരണഘടന തീർത്തും മതേതര സ്വഭാവമുള്ളതാണ്. ഇത് ഭരണ ഘടനയുടെ അടിസ്ഥാന ഘടനയിൽ ഉൾക്കൊള്ളുന്ന തുമാണ്. എല്ലാ മതങ്ങൾക്കും തുല്യ പ്രാധാന്യം തന്നെയാണ് ഭരണഘടന നൽകുന്നത്. Art 25-28 പ്രകാരം ഭരണ ഘടനയുടെ മതേതരത്വത്തോടുള്ള നിലപാട്

### പ്രായപൂർത്തി വോട്ടവകാശം

അധികാരം ജനങ്ങളിൽ നിന്നും ഉത്ഭവിക്കുന്നു എന്ന് ഭരണഘടന ഉറച്ചു വിശ്വസിക്കുന്നു. സാർവത്രിക വോട്ടവ കാശത്തോടുള്ള അതിന്റെ പ്രതിബദ്ധത വളരെ ഉയർന്നതാണ്. ജനാധിപത്യവും സാർവത്രിക വോട്ടവകാശവും ഇന്ത്യൻ ഭരണ ഘടനയുടെ മൗലിക ഘടനയായിട്ടു തന്നെയാണ്

### ഫെഡറലിസം

സംസ്ഥാനങ്ങൾക്ക് അധികാരം നൽകി ക്കൊണ്ടുള്ള ഫെഡറൽ സംവിധാനമാണ് നമ്മുടെ ഭരണഘടന സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുസൃ തമായ യൂണിറ്ററി സവിഷേതയോടെയാണ് ഭരണഘടന ഫെഡറലിസം ഏറ്റെടുത്തത്. ചില സംസ്ഥാനങ്ങൾക്ക്

### ദേശീയ വ്യക്തിത്വം

നമ്മുടെ ഭരഘടന ദേശീയ വ്യക്തിത്വത്തെ പ്രബലപ്പെടുത്തുന്നു. ദേശീയ വ്യക്തിത്വത്തോടൊപ്പം പ്രാദേശിക വ്യക്തിത്വം നിലനിർത്താനും ഭരണഘടന ശ്രമിക്കുന്നുണ്ട് മത-ഭാഷാ വ്യക്തിത്വ ങ്ങൾക്കിടയിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്താൻ ഭരണഘടന ശ്രമിക്കുന്നു.

19. Two principles of justice are given below. Explain them?

a) Equal treatment for equlas

b) Proportionate justice

**നീതിയുടെ രണ്ട് തത്വങ്ങൾ ചുവടെ കൊടുക്കുന്നു അവയെക്കുറിച്ച് വിശദീകരിക്കുക**

**a) തുല്യർക്ക് തുല്യ പരിഗണന**

**b) ആനുപാതിക നീതി**

### EQUAL TREATMENT FOR EQUALS

Consider everyone in Society as Equal. This justifies equal treatment and equal rights. Equals equally requires that people should not be discriminated on any ground of class, caste, race or gender. Everybody in society should be given equal importance.

**Idea: JERMY BENTHAM**

### PROPOTIONATE JUSTICE

In some situations in which we might feel that treating everybody equally would be unjust. Consider Equals Equally, Unequal Unequally. People are rewarded in proportion to the scale and quality of their efforts. For justice in society, the principles of equal treatment needs to be balanced with the principles of proportionality

**Idea: ARISTOTLE**

### തുല്യരോട് തുല്യ പരിഗണന

സമൂഹത്തിലെ എല്ലാവരെയും തുല്യരായി പരിഗണിക്കുക എന്നതാണ് ഈ തത്വത്തിന്റെ അടിസ്ഥാനം. എല്ലാം എല്ലാവർക്കും തുല്യമായി പങ്കിട്ടു കൊടുത്ത് നീതി കൈവരിക്കുകയാണ് ഈ തത്വത്തിന്റെ ലക്ഷ്യം. 'എല്ലാവർക്കും ഒന്നുപോലെ ആർക്കും ഒന്നും കൂടുതലാവാതെ കൂടുതലാവാതെ'. തുല്യരല്ലാത്തവരെയും തുല്യരായി പരിഗണിക്കപ്പെടും എന്നതാണ് ഇതിന്റെ ന്യൂനത.

**ആശയം: ജർമി ബെന്താം**

### ആനുപാതിക നീതി

ചില ഘട്ടങ്ങളിൽ എല്ലാവരേയും തുല്യരായി കണക്കാക്കുന്നത് അനീതിയാണ്. തുല്യർക്ക് തുല്യവും തുല്യരല്ലാത്തവർക്ക് തുല്യമല്ലാത്തതുമായ പങ്ക് നൽകപ്പെടുക എന്നതാണ് ആനുപാതിക നീതി സങ്കൽപം. ഒരാളിന്റെ യോഗ്യതകൾ, സമൂഹത്തിന് അയാൾ നൽകുന്ന സംഭാവനകൾ എന്നിവയ്ക്ക് ആനുപാതികമായി നീതി ലഭ്യമാക്കുക. തുല്യരെ തുല്യരായിട്ടും തുല്യരല്ലാത്തവരെ തുല്യരല്ലാതെയും കണക്കാക്കുക

**ആശയം: അരിസ്റ്റോടിൽ**

20. What are some of the problems faced by refugees? In what ways could the concept of Global Citizenship benefit them?
**അഭയാർത്ഥികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാം? അഭയാർത്ഥികളുടെ ഈ പ്രശ്നങ്ങൾക്ക് ആഗോള പൗരത്വം ഏതെല്ലാം രീതിയിൽ ഗുണകരമാകുന്നു?**

## GLOBAL CITIZENSHIP

We are living in global society. Consider the whole people in the world as **GLOBAL CITIZEN**. It is an imaginary concept.

One of the attractions of the notion of Global citizenship is that it might make it easier to deal with the problems which extend across the national boundaries and which therefore need cooperative action by the people and government of many states.

Global citizenship might make it easier to find an acceptable solution to the issue of migrants and stateless peoples at least to ensure them basic rights and protection regardless of the country in which they may be living

## ആഗോള പൗരത്വം

ജനങ്ങളെ ലോകത്തിന്റെ പൗരന്മാരായി കണക്കാക്കുക. ഇതൊരു സാങ്കൽപിക ആശയമാണ്. ആഗോളസമൂഹം ഇപ്പോഴും നിലവിൽ വന്നിട്ടില്ലെങ്കിൽ തന്നെയും രാജ്യാതിർത്തികൾക്കപ്പുറം ജനങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആഗോള പൗരത്വം എന്ന സങ്കല്പത്തെ സാക്ഷാത്ക്കരിക്കുന്നതിന് ശ്രമിക്കുകയാണ് വേണ്ടത്. ആഗോള പൗരത്വത്തിൽ വിവിധ ഭരണകൂടങ്ങളും ജനങ്ങളും സഹകരിച്ചു പ്രവർത്തിക്കുന്നതിനാൽ ദേശീയാതിർത്തിക്കപ്പുറമുള്ള പ്രശ്നങ്ങൾ പരിഹരിക്കൽ എളുപ്പമാവും. ഏതു രാജ്യത്ത് ജീവിച്ചാലും അടിസ്ഥാന അവകാശങ്ങളും സംരക്ഷണവും ഉറപ്പ് വരുത്താൻ ആഗോള പൗരത്വം കൊണ്ട് സാധിക്കും.

**Answer any 4 questions from 21 to 25. Each carries 5 scores.**
21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.

21. Explain the functions of Election Commission of India?
**ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിശദീകരിക്കുക**

## POWERS AND FUNCTIONS OF THE ELECTION COMMISSION

- Conduct free and fair election.
- Prepare Electoral Roll.
- Conduct Election to Lok Sabha, Rajya Sabha and State Legislatures.
- Conduct election to the office of the President and Vice President.
- Recognition of the Political parties

- Allotment of Election symbols
- Issue the Model code of conduct.
- Settle election disputes
- Setting limit of election expenses
- Notification of election dates.
- Appointing polling officers for conducting election.
- Giving advice on disqualification of a elected representative.
- Counting and Announce result.
- Custody of ballot machines.

### തെരെഞ്ഞെടുപ്പ് കമ്മീഷന്റെ അധികാരങ്ങൾ

- സുതാര്യവും നിക്ഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് നടത്തൽ
- വോട്ടർ പട്ടിക തയ്യാറാക്കുക.
- എം.പിമാർ, എം.എൽ.എ മാർ എന്നിവരുടെ തെരഞ്ഞെടുപ്പ് നടത്തൽ..
- രാഷ്ട്രപതി, ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് നടത്തൽ.
- പാർട്ടികൾക്ക് അംഗീകാരം നൽകൽ
- രാഷ്ട്രീയ പാർട്ടികൾക്ക് ചിഹ്നം അനുവദിക്കൽ
- തെരഞ്ഞെടുപ്പ് സമയത്ത് പെരുമാറ്റചട്ടം പുറത്തിറക്കൽ.
- തെരഞ്ഞെടുപ്പ് തർക്കം പരിഹരിക്കൽ
- തെരഞ്ഞെടുപ്പ് ചെലവ് നിയന്ത്രിക്കൽ
- തെരഞ്ഞെടുപ്പ് തീയതി തീരുമാനിക്കൽ.
- തെരഞ്ഞെടുപ്പ് നടത്താൻ ഉദ്യോഗസ്ഥരെ നിയമിക്കൽ
- അയോഗ്യത വിഷയത്തിൽ രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ ശിപാർശ നൽകൽ.
- തിരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിക്കൽ.
- വോട്ടിങ് മെഷീൻ സൂക്ഷിക്കൽ

22. What is Nationalism? Explain the factors which promote Nationalism.
**ദേശീയത എന്നാൽ എന്ത്? ദേശീയത പരിപോഷിപ്പിക്കുന്ന ഘടകങ്ങൾ വിശദമാക്കുക.**

**NATIONALAISM**

